**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 102** | **03-02-2026 - ൽ മറുപടിയ്ക്ക്**

**ദേശീയപാതകളുടെ വികസനത്തിന് സർക്കാർ ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ഡോ. സുജിത് വിജയൻപിള്ള** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയപാത 66-ന്റെ വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ ഇരുപത്തിയഞ്ച് ശതമാനം തുക മുൻകൂറായി കേന്ദ്രത്തിന് നൽകിക്കൊണ്ട് സർക്കാർ നടത്തിയ മാതൃകാപരമായ സാമ്പത്തിക ഇടപെടലുകളെക്കുറിച്ച് വിശദമാക്കാമോ; | (എ) | കേരളത്തിലെ ദേശീയപാത വികസന പദ്ധതിക്കായി ദേശീയപാത അതോറിറ്റി ഫണ്ട് അനുവദിക്കുകയും പ്രാഥമിക പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിരുന്നു.എന്നാൽ സ്ഥലമേറ്റെടുത്ത് നൽകാത്തതിനെ തുടർന്ന് 2014 സെപ്റ്റംബറിൽ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം ദേശീയപാത വികസനത്തിൽ നിന്നും ദേശീയപാത അതോറിറ്റി പിൻമാറുകയുണ്ടായി. 12.09.2014 ൽ ദേശീയപാത അതോറിറ്റിയുടെ റീജിയണൽ ഓഫീസർ നൽകിയ കത്തിൽ കേരളത്തിലെ NH 17 ന്റെ വികസനം, അറ്റകുറ്റപ്പണികൾ എന്നിവയിൽ നിന്ന് അതോറിറ്റി പിൻവാങ്ങുകയാണെന്ന് അറിയിച്ചിരുന്നു. 2016 ൽ അധികാരത്തിൽ വന്ന സർക്കാർ ദേശീയപാത വികസനത്തിനായി സമ്മർദ്ദം ചെലുത്തിയതിനെത്തുടർന്നാണ് ദേശീയപാത 66 വികസന പദ്ധതി പുനരാരംഭിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രി എന്നിവരെ നേരിട്ട് കണ്ട് നിരന്തരം സമ്മർദ്ദം ചെലുത്തിയാണ് പദ്ധതി പുനരാരംഭിക്കുന്നതിനുള്ള സാഹചര്യം ഒരുക്കിയത്.<br><br>ഭൂമിയുടെ വിലയിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി ദേശീയപാത അതോറിറ്റി എതിർപ്പ് പ്രകടിപ്പിച്ചപ്പോൾ ദേശീയപാത 66 ന്റെ വീതികൂട്ടൽ പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന തുകയുടെ 25% തുക സംസ്ഥാന ഗവൺമെന്റ് വഹിക്കാമെന്ന് ബഹു. മുഖ്യമന്ത്രി ഉറപ്പ് നൽകിയാണ് പ്രവൃത്തി ആരംഭിക്കുന്ന സാഹചര്യം ഒരുക്കിയത്. കിഫ്ബി ഫണ്ടിൽ നിന്ന് ഇതിനാവശ്യമായ തുക അനുവദിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ചെയ്തു. ദേശീയപാത 66 ന്റെ ഭൂമി |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഇതുവരെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് 5580,73,80,076/- രൂപ സംസ്ഥാന വിഹിതമായി കേന്ദ്രസർക്കാരിന് നൽകിയിട്ടുണ്ട്. ഇതോടൊപ്പം വിഴിഞ്ഞം ഔട്ടർ റിംഗ് റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കലിന്റെ തുകയുടെ 50 ശതമാനം സർവീസ് റോഡുകളുടെ നിർമ്മാണത്തിന് ആവശ്യമായ തുക എന്നിവ അനുവദിക്കാനും നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതിയിലെ സംസ്ഥാന വിഹിതം റോയൽറ്റി എന്നിവ സംസ്ഥാന ബാധ്യതയായി ഏറ്റെടുക്കുവാനും മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്. 1629.24 കോടി രൂപയുടെ ബാധ്യതയാണ് സംസ്ഥാനം ഏറ്റെടുക്കുന്നത് അതോടൊപ്പം കൊല്ലം - ചെങ്കോട്ട ദേശീയപാത- 744, എറണാകുളം ബൈപ്പാസ് എന്നിവയുടെ നിർമ്മാണത്തിൽ ചരക്ക് സേവന നികുതി വിഹിതം റോയൽറ്റി എന്നിവ ഒഴിവാക്കി സംസ്ഥാനത്തിന്റെ ബാധ്യതയായി ഏറ്റെടുക്കുവാനും തീരുമാനിച്ചിട്ടുണ്ട്. കൊല്ലം-ചെങ്കോട്ട പാതാ വികസനത്തിൽ 317.35 കോടി രൂപയുടെയും എറണാകുളം ബൈപ്പാസിൽ 424 കോടി രൂപയുടെയും ബാധ്യതയാണ് സംസ്ഥാനത്തിന് ഉണ്ടാവുക. |
| (ബി) | സംസ്ഥാനത്തെ ദേശീയപാത വികസന പ്രവൃത്തികൾ നിലവിലെ സർക്കാരിന്റെ ഇച്ഛാശക്തിയോടെയുള്ള ഇടപെടലിലൂടെയും കൃത്യമായ ഏകോപനത്തിലൂടെയും പുനരാരംഭിച്ചതിന്റെ പുരോഗതി അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ ദേശീയപാത-66ന്റെ വികസനത്തിൽ വലിയ പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. നിലവിൽ 492.64 കിലോമീറ്റർ ദേശീയപാത പൂർണ്ണമായും ആറുവരിയായി വികസിപ്പിച്ചു കഴിഞ്ഞു. വികസിപ്പിക്കുന്ന ഭാഗങ്ങൾ ഗതാഗതത്തിനായി തുറന്നു കൊടുക്കുകയും ചെയ്തു. മലപ്പുറം ജില്ലയിലെ രണ്ട് സ്ട്രെച്ചുകളും കാസർഗോഡ്, കോഴിക്കോട് ജില്ലയിലെ ഓരോ സ്ട്രെച്ചുകളും ആറുവരിയായി വികസിപ്പിച്ച് സുഗമ ഗതാഗതം സാധ്യമാക്കി കഴിഞ്ഞു.<br><br>ദേശീയപാതകളുടെ വികസനം അവലോകനം ചെയ്യുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പ് വരുത്തുന്നതിനും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി/ചീഫ് സെക്രട്ടറി/ പൊതുമരാമത്ത് വകുപ്പ് മന്ത്രി/മുഖ്യമന്ത്രി തലങ്ങളിൽ നിശ്ചിത ഇടവേളകളിൽ അവലോകന യോഗങ്ങൾ നടത്താറുണ്ട്.<br><br>ദേശീയപാത അതോറിറ്റി നേരിട്ട് നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) | തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്, എറണാകുളം ബൈപാസ് തുടങ്ങിയ വൻകിട ദേശീയപാതാപദ്ധതികൾക്കായി കിഫ്ബി വഴി | (സി) | സംസ്ഥാനത്തിന്റെ വിശാലമായ വികസന താൽപര്യങ്ങൾ പരിഗണിച്ച് സംസ്ഥാനത്ത് NHAI നടപ്പിലാക്കുന്ന ദേശീയപാത പ്രവൃത്തികളിൽ |

| | | | |
|---|---|---|---|
| | ആയിരക്കണക്കിന് കോടി രൂപ അനുവദിച്ചുകൊണ്ട് അടിസ്ഥാന സൗകര്യവികസനത്തിൽ നടത്തുന്ന നിക്ഷേപങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ? | | സംസ്ഥാനത്തിന്റെ ധനപരമായ പങ്കാളിത്തം ഉറപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>നാവായിക്കുളം വിഴിഞ്ഞം ഔട്ടർ റിംഗ് റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കാനുള്ള തുകയുടെ 50%, സർവീസ് റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ തുക, നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതിയിലെ സംസ്ഥാന വിഹിതം/റോയൽറ്റി എന്നിവ വേണ്ടെന്ന് വയ്ക്കുക എന്നീ വ്യവസ്ഥകൾ ഉൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പ് വയ്ക്കുന്നതിന് സംസ്ഥാനം അനുമതി നൽകിയിട്ടുണ്ട്. ഇത് മൂലം 1629.24 കോടി രൂപയുടെ ബാധ്യത പ്രതീക്ഷിക്കുന്നു.<br><br>കൊല്ലം ചെങ്കോട്ട ദേശീയപാത 744 നിർമ്മാണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന് ലഭിക്കുന്ന ചരക്ക് സേവന നികുതി വിഹിതവും നിർമ്മാണ വസ്തുക്കളുടെ റോയൽറ്റി ഇനത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട വരുമാനവും വേണ്ട എന്ന് വയ്ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഈ ഇനത്തിൽ ആകെ 317.35 കോടി രൂപ സംസ്ഥാനത്തിന്റെ ബാദ്ധ്യതയായി ഏറ്റെടുക്കേണ്ടിവരും എന്ന് പ്രതീക്ഷിക്കുന്നു.<br><br>എറണാകുളം ബൈപാസ്(ദേശീയപാത 544) നിർമ്മാണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന് ലഭിക്കുന്ന ചരക്ക് സേവന നികുതി വിഹിതവും നിർമ്മാണ വസ്തുക്കളുടെ റോയൽറ്റിയും ഒഴിവാക്കിയാൽ സംസ്ഥാനത്തിന് 424 കോടി രൂപയുടെ ബാദ്ധ്യതയാണ് പ്രതീക്ഷിക്കുന്നത്. ഇത് കൂടാതെ ദേശീയപാത അതോറിറ്റി ഭാവിയിൽ കേരളത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്ക് സംസ്ഥാന സർക്കാരിന് ലഭിക്കുന്ന ചരക്ക് സേവന നികുതി വിഹിതം/റോയൽറ്റി എന്നിവ വേണ്ട എന്ന് വയ്ക്കുന്നത് സംബന്ധിച്ച് ദേശീയപാത അതോറിറ്റിയുമായി കരാർ ഒപ്പ് വയ്ക്കുന്നതിനും സംസ്ഥാനം തീരുമാനം എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**PROJECTS UNDER IMPLEMENTATION**

| Sr. No | Name of Project | Length (km) | Physical progress (%) |
|---|---|---|---|
| 1. | 6-laning of Chengala to Neeleshwaram | 37.27 | 84.37 |
| 2. | 6-laning of Neeleshwaram to Thalipparamba. | 40.11 | 84.62 |
| 3. | 6-laning of Thalipparamba to Muzhapilangadu. | 29.95 | 80.86 |
| 4. | 6-laning of Azhiyur to Vengalam | 40.8 | 61.94 |
| 5. | Balance work of widening of 4 nos existing 2 Lane major Bridge of Six-laning of Kozhikode Bypass (Calicut Bypass) (i.e. Vengalam Jn. to Ramanattukara Jn.) | 1.895 | 49.26 |
| 6. | 6-laning of Kappirikkad-Thalikulam | 33.17 | 85.10 |
| 7. | 6-laning of Thalikulam-Kodungallur | 28.84 | 80.19 |
| 8. | 6-laning of Kodungallur- Edapally | 26.03 | 65.98 |
| 9. | 6 lane Elevated Corridor along with development of existing 4 lane road at ground level from Aroor to Thuravoor Thekku | 12.75 | 81.10 |
| 10. | 6 Laning of Thuravoor Thekku – Paravoor | 38.39 | 65.98 |
| 11. | 6 laning of Paravoor to Kottukulangara. | 37.5 | 71.57 |
| 12. | 6 laning of Kottukulangara to start of Kollam bypass | 31.5 | 73.89 |
| 13. | 6 Laning of Start of Kollam Bypass to Kadambattukonam | 31.25 | 84.82 |
| 14. | 6 Laning of Kadambattukonam to Kazhakuttom | 29.83 | 45.25 |
| 15. | Rectification of 4 Nos. black spots/Accident Spots in Thiruvananthapuram Bypass | 2.42 | 25.42 |
| 16. | Construction of an underpass at km 184.850, supply & installation of Street lighting, Construction of Service roads and other miscellaneous works in Thalassery-Mahe bypass from km. 170.600 to km. 189. | 1.13 | 28.31 |

| Sr. No | Name of Project | Length (km) | Physical progress (%) |
|---|---|---|---|
| 17. | Widening/Development of existing NH-85 | 124.63 | 53.2 |
| 18. | Rectification of 11 Nos. black spots/Accident Spots in the stretch of Walayar-Angamaly section of NH-544 | 12.14 | 28.37 |
| | **GRAND TOTAL** | **675.53 Km** | |

COMPLETED PROJECTS DURING 2021-2026

ANNEXURE-A

| Sr. No. | Name of Project | Length (Km) |
|---|---|---|
| 1 | 6-laning of Vadakanchery to Thrissur on NH-544 | 28.35 |
| 2 | 4-Lane Elevated Highway connecting Kazhakuttam Junction and Technopark Junction | 2.72 |
| 3 | 4 Laning of Thiruvananthapuram Bypass from Mukkola to Kerala / Tamil Nadu Border | 16.20 |
| 4 | 4-lane ROB near Neeleshwaram Town | 0.78 |
| 5 | 4 laning of Thalassery-Mahe Bypass | 18.6 |
| 6 | 6- laning of minor bridge at km 203.160 Paloli palam and major bridge(Morad) | 2.1 |
| 7 | 6-laning of Kozhikode Bypass (i.e. Vengalam Jn. to Ramanattukara Jn.) | 28.40 |
| 8 | 6-laning of Thalappady to Chengala | 39 |
| 9 | 6-laning of Ramanattukara to Valanchery | 39.68 |
| 10 | 6-laning of Valanchery to Kappirikkad. | 37.35 |
| | **Total Length Completed by NHAI** | **213.18 Km** |